STATE COUNCIL FOR OPEN AND LIFELONG EDUCATION - KERALA [SCOLE-Kerala]
[Formerly Kerala State Open School (KSOS)]
Vidyabhavan, Poojappura, Thiruvananthapuram -695012
Phone: 0471 2342950, 2342271, 2342369 email : scolekerala@gmail.com, info@scolekerala.org.www.scolekerala.org

നം: ഡി.സി.എ/1111/2017/സ്കോൾ-കേരള തീയതി: 06/05/2017

# സർക്കുലർ

വിഷയം : സ്കോൾ കേരള-ഡി.സി.എ (രണ്ടാം ബാച്ച്) പരീക്ഷ 2017-പൊതുനിർദ്ദേശങ്ങൾ - സംബന്ധിച്ച്

സൂചന : 03.05.2017ലെ ഡി.സി.എ രണ്ടാം ബാച്ച് പരീക്ഷ വിജ്ഞാപനം.

1. ഇന്റേണൽ പരീക്ഷയ്ക്ക് 30% മാർക്കും, ഡി.സി.എ സമ്പർക്ക ക്ലാസിൽ പങ്കെടുത്ത 60% ഹാജരുമാണ് പരീക്ഷയ്ക്ക് അപേക്ഷിക്കാനുള്ള യോഗ്യത.

2. സ്കോൾ കേരള- രണ്ടാം ബാച്ച് ഡി.സി.എ പരീക്ഷ എഴുതാൻ യോഗ്യതയുള്ള വിദ്യാർഥികൾ സ്കോൾ കേരള വെബ്പോർട്ടലിൽ നിന്നും അപേക്ഷാഫാറവും, ചെലാനും ഡൗൺലോഡ് ചെയ്ത് എടുത്ത് നിശ്ചിത തീയതിക്കകം അതാത് പഠന കേന്ദ്രങ്ങളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

3. പരീക്ഷാഫീസ് ഒരു പേപ്പറിന് 125/- രൂപയും, സർട്ടിഫിക്കറ്റ് ഫീസ് 75 രൂപ ക്രമത്തിൽ 5 പേപ്പറിനും കൂടി ആകെ 700/- രൂപ സ്കോൾ കേരള പ്രത്യേക ചെലാനിൽ കേരളത്തിലെ ഏതെങ്കിലും എസ്.ബി.ഐ ബ്രാഞ്ചിൽ ഫീസ് ഒടുക്കേണ്ടതാണ്.

4. അപേക്ഷ ഫീസ് 11.05.2017 വരെ ഫൈനില്ലാതെയും, 20 രൂപ ഫൈനോടെ 15.05.2017 വരെയും ഒടുക്കാവുന്നതാണ്.

5. ഡി.സി.എ ആദ്യ ബാച്ചിൽ കോഴ്സ് പൂർത്തിയാക്കിയവരിൽ പരീക്ഷാഫീസ് അടക്കാത്തവർക്കും, ആദ്യ പരീക്ഷയിൽ നിർദ്ദിഷ്ട യോഗ്യത നേടാത്തവർക്കും നിബന്ധനകൾക്ക് വിധേയമായി 2017 മേയിലെ പരീക്ഷക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

6 ഡി.സി.എ ആദ്യ ബാച്ചിന്റെ പരീക്ഷ കേന്ദ്രമായിരുന്ന സ്കൂൾ നിലവിൽ പരീക്ഷാകേന്ദ്രമല്ലെങ്കിൽ ഈ സ്കൂളിലെ വിദ്യാർഥികൾ ജില്ലയിലെ അല്ലെങ്കിൽ തൊട്ടടുത്ത ജില്ലയിലെ പരീക്ഷാകേന്ദ്രമായിട്ടുള്ള സൗകര്യപ്രദമായ സ്കൂളിൽ അപേക്ഷ സമർപ്പിക്കണമെന്നാണ് ഏർപ്പെടുത്തിയിട്ടുള്ള നിബന്ധന.

7. ഡി.സി.എ രണ്ടാം ബാച്ചിന്റെ എല്ലാ പഠന കേന്ദ്രങ്ങളും 2017 മെയ് ഡി.സി.എ പരീക്ഷയ്ക്കുള്ള പരീക്ഷാകേന്ദ്രമായിരിക്കും.

8. പ്രാക്ടിക്കൽ പരീക്ഷ നിലവിലെ പഠന കേന്ദ്രങ്ങളിൽ വച്ച് 2017 മെയ് 24, 25, 26, 27 തീയതികളിൽ നടക്കുന്നതാണ്. വിശദമായ ടൈംടേബിൾ അതാത് സ്കൂളിൽ നിന്നും ലഭിക്കും.

9. തിയറി പരീക്ഷ ടൈംടേബിൾ

| Date | Time | Subject Code | Name of Paper |
|---|---|---|---|
| 03.06.2017 | 10 am - 12.30 pm | DC 01 | Informatics |
| 04.06.2017 | 10 am - 11.30 pm | DC 02 | MS Office & Internet |
| 10.06.2017 | 10 am - 11.30 pm | DC 03 | Linux and Open Office |
| 11.06.2017 | 10 am - 11.30 pm | DC 04 | PC Techniques |
| 18.06.2017 | 10 am - 11.30 pm | DC 05 | Malayalam Computing |

10. ഡി.സി.എ രണ്ടാം ബാച്ച് പൊതു പരീക്ഷക്കു വേണ്ടി സ്കൂളിൽ സ്വീകരിക്കുന്ന അപേക്ഷകളുടെ വിശദാംശങ്ങൾ അതാത് സ്കൂൾ പ്രിൻസിപ്പാൾമാർ 17.05.2017ന് മുൻപ് സ്കോൾ കേരള വെബ്പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതും ചെലാൻ ഉൾപ്പെടെയുള്ള അപേക്ഷകൾ സംസ്ഥാന കേന്ദ്രത്തിലേക്ക് അയക്കേണ്ടതുമാണ്.

11 വിദ്യാർഥികൾക്കുള്ള അഡ്മിഷൻ ടിക്കറ്റുകൾ 20.05.2017 മുതൽ അതാത് പരീക്ഷാ കേന്ദ്രങ്ങളിൽ നിന്നും വിതരണം ചെയ്യുന്നതാണ്.

12 2017 ഡി.സി.എ പൊതുപരീക്ഷ - (തീയറി & പ്രാക്ടിക്കൽ)യുടെ മാതൃക, ചോദ്യപേപ്പർ അടങ്ങിയ പരീക്ഷാസഹായി സ്കോൾ കേരളയുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

13 ഡി.സി.എ പരീക്ഷ സംബന്ധിച്ച സംശയ നിവാരണത്തിനായി സ്കോൾ കേരള വെബ്പോർട്ടലായ www.scolekerala.org എന്ന വെബ്സൈറ്റിലോ, സ്കോൾ-കേരളയുടെ ഹെഡ് ഓഫീസ് / ജില്ലാഓഫീസുമായോ ബന്ധപ്പെടേണ്ടതാണ്.

**എക്സിക്യൂട്ടീവ് ഡയറക്ടർ**

സ്വീകർത്താവ്

1. എല്ലാ ഡി.സി.എ പഠനകേന്ദ്രം പ്രിൻസിപ്പാൾ,
   കോഡിനേറ്റിംഗ് ടീച്ചർ, വിദ്യാർഥികൾക്കും

പകർപ്പ് :

1. എക്സിക്യൂട്ടീവ് ഡയറക്ടറുടെ പി.എ
2. ഓഫീസർ ഇൻചാർജ് (ജില്ലാകേന്ദ്രം)
3. ബന്ധപ്പെട്ട സെക്ഷൻ
4. ഐ റ്റി കൺസൾട്ടന്റ്